**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6244** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ വകുപ്പിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി കേരള സ്റ്റേറ്റ് ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് & പാരന്റ്സ് വെൽഫെയർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4495 എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ മൂന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഭിന്നശേഷിക്കാരുടെ പുനരധിവാസം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഭിന്നശേഷി സൗഹ്യദ സ്റ്റോറുകൾ സ്ഥാപിക്കുന്നതിന് ടി സംഘം സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നു . |
| (ബി) | അംഗ സമാശ്വാസ നിധിയെക്കുറിച്ച് വിശദമാക്കാമോ? | (ബി) | 1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ചുവടെ പറയുന്ന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>അർബുദം, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ/വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, ഗുരുതര ശസ്ത്രക്രിയയ്ക്ക് (ബൈപാസ്/ഓപ്പൺ ഹാർട്ട് സർജറി) വിധേയരായവർ, കരൾ സംബന്ധമായ ഗുരുതര രോഗം ബാധിച്ചവർ (ലിവർ സിറോസിസ്, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേരായവർ) തുടങ്ങിയ മാരക രോഗ ബാധിതരായവർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, |

| | | | |
|---|---|---|---|
| | | | മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്.<br><br>അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല. |

സെക്ഷൻ ഓഫീസർ